# യാത്രാമൊഴി

"ഇപ്പോൾ ഭുജിപ്പാനവസരമില്ലമ്മേ
ക്ഷിപ്രമരണ്യവാസത്തിന്നു പോകണം.
മുല്പാടു കേകയപുത്രിയാമമ്മയ്ക്കു
മൽപിതാ രണ്ടു വരം കൊടുത്തീടിനാൻ.
ഒന്നു ഭരതനെ വാഴിക്കയെന്നതു-
മെന്നെ വനത്തിന്നയയ്ക്കെന്നു മറ്റേതും.
തത്രപതിന്നാലു സംവത്സരം വസി-
ച്ചത്ര വന്നീടുവൻ പിന്നെ ഞാൻ വൈകാതെ.
സന്താപമേതും മനസ്സിലുണ്ടാകാതെ
സന്തുഷ്ടയായ് വസിച്ചീടുക മാതാവും."
ശ്രീരാമവാക്യമേവം കേട്ടു കൗസല്യ
പാരിൽ മോഹിച്ചു വീണിടിനാളാകുലാൽ.
പിന്നെ മോഹം തീർന്നിരുന്നു ദുഃഖാർണവം-
തന്നിൽ മുഴുകിക്കരഞ്ഞു കരഞ്ഞുടൻ
തന്നുടെ നന്ദനൻ തന്നോടു ചൊല്ലിനാ-
"ളിന്നു നീ കാനനത്തിന്നു പോയീടുകിൽ
എന്നെയും കൊണ്ടുപോകേണം മടിയാതെ.
നിന്നെപ്പിരിഞ്ഞാൽ ക്ഷണാർദ്ധം പൊറുക്കുമോ?
ദണ്ഡകാരണ്യത്തിനാശു നീ പോകിൽ ഞാൻ
ദണ്ഡധരാലയത്തിന്നു പോയീടുവൻ.
പൈതലെ വേർവിട്ടുപോയ പശുവിനു-
ള്ളാധി പറഞ്ഞറിയിച്ചീടരുതല്ലോ."

**തുഞ്ചത്ത് എഴുത്തച്ഛൻ**
*(അദ്ധ്യാത്മരാമായണം കിളിപ്പാട്ട്)*

